# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2621 — 12.02.2019 ൽ മറുപടിയ്ക്ക്

### പരിസ്ഥിതി ദുർബല പ്രദേശ നിയമ പ്രകാരം ഏറ്റെടുത്ത വനഭൂമി

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | മറുപടി<br>അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പരിസ്ഥിതി ദുർബല പ്രദേശ നിയമം നിലവിൽ വന്നതിനുശേഷം നാളിതുവരെ ഈ നിയമപ്രകാരം എത്ര ഹെക്ടർ വനഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്; | (എ) | 14092.8998 ഹെക്ടർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്. |
| (ബി) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇപ്രകാരം ഏറ്റെടുത്ത വനഭൂമി ഉടമകൾക്ക് വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടറെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം ഇപ്രകാരം ഏറ്റെടുത്ത വനഭൂമി ഇ.എഫ്.എൽ നിയമം 2003 10(A) , 19(3)(b) എന്നീ വകുപ്പുകൾ പ്രകാരവും , ഇ.എഫ്.എൽ OA , MFA കേസുകളുടെ വിധിയുടെ അടിസ്ഥാനത്തിലും 13.4268 ഹെക്ടർ ഉടമകൾക്ക് വിട്ടുനൽകിയിട്ടുണ്ട്. |
| (സി) | ഈ നിയമപ്രകാരം വനഭൂമി ഏറ്റെടുത്തത് സംബന്ധിച്ച് എത്ര കേസുകൾ കോടതിയിൽ നിലവിലുണ്ട്; | (സി) | 151 OA കേസുകൾ കോഴിക്കോട് , പാലക്കാട്, കൊല്ലം ട്രിബ്യൂണലുകളിൽ നിലവിലുണ്ട്. കൂടാതെ 124 MFA, 18 SLP, 109 WP(C) , 2 CCC എന്നീ കേസുകളും നിലവിലുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരമുള്ള എത്ര കേസുകൾ തീർപ്പാക്കിയിട്ടുണ്ടെന്നും അതിൽ എത്ര കേസുകളിൽ സർക്കാരിന് അനുകൂലമായി വിധി ലഭിച്ചുവെന്നും വ്യക്തമാക്കുമോ? | (ഡി) | വിവരം ശേഖരിച്ചുവരുന്നു. കഴിഞ്ഞ മാസത്തിൽ (ജനുവരി-2019 ൽ) കോഴിക്കോട് ട്രിബ്യൂണലിൽ 5 കേസുകൾ സർക്കാരിന് അനുകൂലമായും ഒരു കേസ് ഒ.എ. അപേക്ഷകന് അനുകൂലമായും വിധിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ